പങ്കാളിത്തത്തോടെയുള്ള പുനരുദ്ധാരണവും ലക്ഷ്യമിട്ടിട്ടുണ്ട്. പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ പിരിഞ്ഞുപോകേണ്ടിവരുന്ന ജീവനക്കാരെ ഒരു സാമൂഹ്യ സുരക്ഷിതത്വ പദ്ധതിയിൻ കീഴിൽ (സോഷ്യൽ സേഫ്റ്റി നെറ്റ് പ്രോഗ്രാം) കൊണ്ടുവരുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇ.ആർ.സി. നൽകുന്ന പരിഷ്കരണ ശുപാർശകൾ സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ പരിശോധനയ്ക്കും നിർദ്ദേശത്തിനും ശേഷമാണ് സർക്കാർ തീരുമാനത്തിനായി പരിഗണിക്കപ്പെടുന്നത്.

(സി) പരിഷ്കരണത്തിനായി തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

(ഡി ആന്റ് ഇ) ഇതു സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

(എഫ്) ഇ. ആർ. സി. തൊഴിലാളി യൂണിയനുകളുമായി ഇക്കാര്യത്തിൽ ആവശ്യമായ ചർച്ചകൾ നടത്തിയശേഷമാണ് തീരുമാനമെടുക്കുന്നത്.

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണം

6 [426] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, എൻ. രാജൻ:
,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ എഫ്. എ. സി. റ്റി., എച്ച്. എൻ. എൽ., ഐ. റ്റി. ഐ. തുടങ്ങിയ വ്യവസായ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കുന്നതിന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുള്ളതായി അറിവുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾക്കായി സംസ്ഥാന സർക്കാർ നൽകിയിട്ടുള്ള സഹായങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ;

(ഡി) കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തമ്മിൽ ഉണ്ടായിട്ടുള്ള എഗ്രിമെന്റ് വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

† അനുബന്ധം V & V(a)

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്നതിനുള്ള നടപടിക്കെതിരെ തൊഴിലാളികളും ബഹുജനങ്ങളും നടത്തിവരുന്ന ജനകീയസമരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ കേന്ദ്ര സർക്കാരിനെ പ്രസ്തുത തീരുമാനങ്ങളിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമം നടത്തുമോ?

ഉത്തരം

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ എഫ്.എ.സി.റ്റി., എച്ച്. എൻ. എൽ., ഐ. റ്റി. ഐ. എന്നീ സ്ഥാപനങ്ങൾ പൊതുമേഖലയിൽതന്നെ നിലനിർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ എഫ്.എ.സി.റ്റി.-യെ സഹകരണ മേഖലയിൽ കൊണ്ടുവരുന്നതിനായി ഇഫ്കോ മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശം പരിഗണിക്കണമെന്നും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ പുനരുദ്ധാരണങ്ങൾക്കായി കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനെക്കുറിച്ചും സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

(ബി) ഉണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ പൊതുമേഖലയിൽതന്നെ നില നിർത്തണമെന്നുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(സി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രോജക്റ്റുകൾക്കാവശ്യമായ ഭൂമി പൊന്നുംവിലയ്ക്ക് എടുത്തു നൽകിയിട്ടുണ്ട്. വ്യാവസായികാവശ്യങ്ങൾക്കായുള്ള വൈദ്യുതി വിദ്യുച്ഛക്തി ബോർഡിൽനിന്നും യഥാസമയത്ത് നിശ്ചയിക്കപ്പെടുന്ന നിരക്കിൽ നൽകാൻ വ്യവസ്ഥ ചെയ്യുകയും ഗതാഗത സൗകര്യം വർദ്ധിപ്പിച്ചു നൽകുകയും ജലം, അസംസ്കൃത വസ്തുക്കളുടെ ലഭ്യത എന്നിവ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) ഉണ്ട്. ഇതു സംബന്ധിച്ച് ബഹുജനങ്ങൾക്കും സംസ്ഥാന സർക്കാരിനുമുള്ള ഉൽക്കണ്ഠ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനങ്ങളിൽ നിന്നും പിൻതിരിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ സംസ്ഥാന സർക്കാർ നടത്തി വരികയാണ്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ സർക്കാർ മുതൽമുടക്ക്

7 [427] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ മുതൽ മുടക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly